**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:32 09.03.2015 ൽ മറുപടിയ്ക്ക്

**ചന്ദ്രബോസിന്റെ ആശ്രിതർക്ക് നിയമനം**

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
|---|---|---|
| (എ) | ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരൻ കൊലചെയ്യപ്പെട്ടതിനുശേഷം ഈ കുടുംബത്തിന് എന്തെല്ലാം സഹായങ്ങൾ നല്കിയിട്ടുണ്ടെന്നു വെളിപ്പെടുത്താമോ; | (എ) 10.02.2015 ൽ ചന്ദ്രബോസിന്റെ ചികിത്സാ ചിലവിലേക്ക് 25,000/- രൂപ അനുവദിച്ചിരുന്നു. കൂടാതെ ചന്ദ്രബോസിന്റെ മരണാനന്തര ചടങ്ങുകൾക്കായി 25,000/- രൂപയും ചികിത്സാചിലവിലേക്ക് അമലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ബാക്കി അടക്കേണ്ടതായ 80,257/- രൂപയും ചേർത്ത് 1,05,257/- രൂപ 18.02.2015 ൽ അനുവദിച്ചു നൽകി. 25.02.2015 ൽ നേരത്തേ അനുവദിച്ച ധനസഹായത്തിനു പുറമേ 10,00,000/- രൂപ കൂടി ചന്ദ്രബോസിന്റെ കുടുംബത്തിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈയാളുടെ ആശ്രിതന് സർക്കാർ ജോലി നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) ഏതെങ്കിലും പൊതു മേഖലാ സ്ഥാപനത്തിൽ ജോലി നല്കുന്നതിനു തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ